# തിരുവിതാംകൂർദേവസ്വംബോർഡിന് ആവശ്യമായതെല്ലാം സർക്കാർ ഗ്രാന്റ് ആയി നല്കുന്നു എന്ന വാദം അടിസ്ഥാനരഹിതം

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ ശബരിമല കൂടാതെ 1200-ൽപരം ക്ഷേത്രങ്ങളാണുള്ളത്. ഈ ക്ഷേത്രങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കായി സംസ്ഥാനസർക്കാർ വർഷം തോറും ആവശ്യമായ ഗ്രാന്റ് നല്കുന്നുണ്ടെന്ന ഒരു വാദം നിലവിലുണ്ട്. ഇതിന്റെ വാസ്തവം എന്താണെന്നറിയാതെയാണ് ഇത്തരത്തിലുള്ള പ്രചരണം ചിലർ നടത്തുന്നത്.

കേണൽ മൺറോയുടെ കാലത്ത് തിരുവിതാംകൂറിലെ ക്ഷേത്രസ്വത്തുക്കളെല്ലാം നഷ്ടപരിഹാരം നല്കാതെ സർക്കാരിലേക്ക് പിടിച്ചെടുക്കുകയുണ്ടായി. ഇന്ത്യാഗവണ്മെന്റും തിരുവിതാംകൂർ മഹാരാജാവുമായി 1949-ൽ ഒപ്പുവെച്ച കവനന്റ് (ഉടമ്പടി) പ്രകാരമാണ് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനും തിരുവിതാംകൂർ ദേവസ്വംബോർഡിനുമായി 46.5 ലക്ഷം രൂപ വർഷംതോറും കോൺട്രിബ്യൂഷനായി അന്നു മുതൽ നല്കിവരുന്നത്. ഇത് ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 290 എ പ്രകാരം ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെയാണ് ഗ്രാന്റ് ആയി വിശേഷിപ്പിക്കുന്നത്. ഈ തുകയിൽ 6 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനും 40.5 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ഉള്ളതാണ്. 55 വർഷങ്ങൾക്കുശേഷം 2004-ൽ ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഈ തുക യഥാക്രമം 20 ലക്ഷം രൂപയും 80 ലക്ഷം രൂപയും ആയി വർദ്ധിപ്പിച്ചു. കവനന്റ് പ്രകാരം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ തുക ഗ്രാന്റ് അല്ല മറിച്ച്, നിയമപ്രകാരം അർഹതപ്പെട്ട ഒരു വിഹിതം മാത്രമാണെന്നിരിക്കെയാണ് ഇത്തരം പ്രചരണം,

ശബരിമലവികസനത്തിനുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് വർഷങ്ങളായി മാറി മാറി വന്ന സർക്കാരുകൾ ഒരു നിശ്ചിത തുക മാസ്റ്റർപ്ലാൻ ഹൈപവർ കമ്മറ്റിക്ക് നല്കുന്നുണ്ട്. അതല്ലാതെ ക്ഷേത്രങ്ങൾക്ക് ഗ്രാന്റായി ഒന്നുംതന്നെ നല്കുന്നില്ല. മറിച്ചുള്ള പ്രചരണം തെറ്റിദ്ധാരണാജനകമാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് തിരുവിതാംകൂറിലെ സ്വത്തുക്കളുടെ നല്ലൊരു ഭാഗം ക്ഷേത്രസ്വത്തുക്കളായിരുന്നു. അവയാണ് കേണൽ മൺറോ പിടിച്ചെടുത്തത്. യഥാർത്ഥത്തിൽ, ദേവസ്വങ്ങൾക്ക് നഷ്ടപ്പെട്ട സ്വത്തുക്കൾക്ക് നഷ്ടപരിഹാരം നല്കേണ്ടതായിരുന്നു. ഒരു സർക്കാരും അക്കാര്യം പരിഗണിക്കുകയോ അനുകൂലനിലപാട് സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അതിനു പകരമായിട്ടാണ് കവനന്റ് പ്രകാരമുള്ള കോൺട്രിബ്യൂഷൻ നല്കിവരുന്നത്.

ശബരിമല മാസ്റ്റർപ്ലാനിനായി നിശ്ചിത തുക മാസ്റ്റർപ്ലാൻ കമ്മറ്റിക്ക് നല്കുന്നതുകൊണ്ട് യഥാർത്ഥത്തിൽ സർക്കാരിന് യാതൊരു നഷ്ടവുമില്ല. കാരണം, ഓരോ ശബരിമലസീസണിലും മോട്ടോർവാഹനവകുപ്പ് അടക്കമുള്ള സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് നൂറുകണക്കിന് കോടി രൂപയാണ് ടാക്സ് ഇനത്തിലും മറ്റിനങ്ങളിലുമായി ലഭിക്കുന്നത്. അതേസമയം ഇലക്ട്രിസിറ്റി ബോർഡിനും വാട്ടർ അതോറിറ്റിക്കും അവർ നല്കുന്ന ഭീമമായ ബിൽ അനുസരിച്ചുള്ള തുക നല്കുന്നത് ദേവസ്വം ബോർഡുതന്നെയാണ്. ഓരോ സീസണിലും അയ്യപ്പദർശനത്തിനു വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ശബരിമലയിൽ എത്തിച്ചേരുന്ന അയ്യപ്പഭക്തന്മാരെ സഹായിക്കുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും പോലീസിന്റെ സേവനം ആവശ്യമായി വരുന്നുണ്ട്. അതിലേക്ക് ആവശ്യമായ നിരീക്ഷണോപകരണങ്ങൾ അതാതു സീസണിൽ ബോർഡാണ് വാങ്ങേണ്ടിവരുന്നത്. മറ്റുള്ള ആരാധനാലയങ്ങളുടെ കാര്യത്തിലെന്നപോലെ, ശബരിമലയിലും ഭക്തർക്കുവേണ്ട സംരക്ഷണം നല്കേണ്ടതും അവരെ സഹായിക്കേണ്ടതും സംസ്ഥാന സർക്കാരിന്റെ കടമ മാത്രമാണ്.

ഓരോ ശബരിമലസീസണും കടന്നുപോകുമ്പോൾ സർക്കാരിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ചുവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. എന്തോ അധികമായി നല്കുന്നു എന്ന പ്രചരണത്തിന് യാതൊരു അടിസ്ഥാനവുമില്ല.